☎: General: 0471- 2312910, 2318153, 2318154, 2318155 Chairperson: 2318150 Member Secretary: 2318151
e-mail: chn.kspcb@gov.in; ms.kspcb@gov.in FAX: 2318152 web: kspcb.kerala.gov.in

KERALA STATE POLLUTION CONTROL BOARD

കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്

Pattom P.O., Thiruvananthapuram – 695 004

പട്ടം പി.ഒ., തിരുവനന്തപുരം - 695 004

കെഎസ്പിസിബി/1408/2024- എസ്ഇഇ-1 തീയതി : 15/10/2024

"ഭരണഭാഷ മാതൃഭാഷ"

പ്രേഷക

ചെയർപേഴ്സൺ

സ്വീകർത്താവ്

1. ചീഫ് എൻവയോൺമെന്റൽ എഞ്ചിനീയർ,
   മുഖ്യ കാര്യാലയം, തിരുവനന്തപുരം
   മേഖലാ കാര്യാലയം, തിരുവനന്തപുരം/
   എറണാകുളം/കോഴിക്കോട്.

2. സീനിയർ എൻവയോൺമെന്റൽ എഞ്ചിനീയർ,
   ജില്ലാ ഓഫീസ്, കോട്ടയം

3. എൻവയോൺമെന്റൽ എഞ്ചിനീയർ, ജില്ലാ ഓഫീസ്,
   തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി,
   എറണാകുളം - 1, എറണാകുളം - 2, എൻവയോൺമെന്റൽ സർവൈലൻസ്
   സെന്റർ ഏലൂർ, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്
   കണ്ണൂർ, വയനാട്, കാസർഗോഡ്.

വിഷയം:- ഹോമിയോപതി യൂണിറ്റുകളുടെ ഓതറൈസേഷൻ - സംബന്ധിച്ച്

സൂചന: - ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് ഹോമിയോ പാത്സ് കേരളയുടെ 12/07/2024 തീയതിയായ കത്ത്

സർ/മാഡം,

സൂചന പ്രകാരം ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് ഹോമിയോ പാത്സ് കേരള ലഭ്യമാക്കിയ കത്തിൽ ബോർഡിന്റെ ഓതറൈസേഷൻ നടപടിക്രമങ്ങൾ ലഘൂകരിക്കണമെന്ന് അപേക്ഷിച്ചിരിക്കുന്നു. ബോർഡിന്റെ 21/01/2021 തീയതിയായ പിസിബി/എച്ച്ഒ/എസ്ഇഇ 3/ടെക്/9/2019 നമ്പർ സർക്കുലർ (പകർപ്പ് ഉള്ളടക്കം ചെയ്തിട്ടുണ്ട്) പ്രകാരം OP സംവിധാനം മാത്രം നടപ്പിലാക്കുന്ന ഹോമിയോ/യുനാനി/ആയുർവേദ ക്ലിനിക്കുകൾ/ഡിസ്പെൻസറികൾ എന്നിവയ്ക്ക് ആതറൈസേഷൻ അപേക്ഷയോടൊപ്പം താഴെ പറയുന്ന രേഖകൾ മാത്രം സമർപ്പിച്ചാൽ മതിയാകും എന്ന് സ്പഷ്ടീകരിക്കുന്നു.

i. തങ്ങളുടെ ക്ലിനിക്കുകളിൽ OP സംവിധാനം മാത്രം നടപ്പിലാക്കുന്നുവെന്നും ബയോമെഡിക്കൽ മാലിന്യം യാതൊന്നും ഉണ്ടാകുന്നില്ലായെന്നും കാലാവധി കഴിഞ്ഞ മരുന്നുകൾ അവയുടെ ഉല്പാദകർക്കു തന്നെ തിരിച്ചുനല്കുന്നുവെന്നും ഉള്ള സത്യവാങ്മൂലം

ii. കെട്ടിടത്തിന്റെ ഉടമസ്ഥത തെളിയിക്കുവാൻ ഭൂനികുതി രസീത് അല്ലെങ്കിൽ വാടക കരാർ

ആതറൈസേഷൻ അപേക്ഷകളിൽ ഈ നിർദ്ദേശ പ്രകാരം നടപടി എടുക്കാവുന്നതാണെന്ന് അറിയിക്കുന്നു.

വിശ്വസ്തതയോടെ

ചെയർപേഴ്സൺ

പകർപ്പ്:

ഡോ. കൊച്ചുറാണി വർഗിസ്
സംസ്ഥാന പ്രസിഡന്റ്
ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് ഹോമിയോ പാത്സ് കേരള
IHK ഭവൻ, ബലവൻ നഗർ റോഡ്
വള്ളക്കടവ് പി.ഒ., മുട്ടത്തറ,
തിരുവനന്തപുരം - 695008

☎: General: 0471- 2312910, 2318153, 2318154, 2318155 Chairman: 2318150 Member Secretary: 2318151
e-mail: ms.kspcb@gov.in FAX: 0471-2318134, 2318152 web: www.keralapcb.nic.in

# KERALA STATE POLLUTION CONTROL BOARD
# കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്

Pattom P.O., Thiruvananthapuram – 695 004
പട്ടം പി.ഒ., തിരുവനന്തപുരം – 695 004

പിസിബി/എച്ച്ഒ/എസ്ഇഇ3/ടെക്/9/2019 തീയതി: 21/01/2021

**സർക്കുലർ**

വിഷയം:- Non bedded ക്ലിനിക്കുകൾ/ഡിസ്പെൻസറികളുടെ ഒറ്റത്തവണ ആതറൈസേഷൻ – സംബന്ധിച്ച്.

സൂചന:- 1) 08/12/2019 തീയതിയായ ഇതേ നമ്പർ സർക്കുലർ.
2) 23/12/2020 തീയതിയിലെ ജില്ലാ മെഡിക്കൽ ഓഫീസർ ഭാരതീയ ചികിത്സാ വകുപ്പ് തൃശ്ശൂറിന്റെ കത്ത്.
3) 19/12/2020 തീയതിയിലെ ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് ഹോമിയോപതി കേരളയിൽ നിന്നുള്ള കത്ത്.

2016-ലെ ബയോമെഡിക്കൽ ചട്ടങ്ങൾ സെക്ഷൻ 10(1) പ്രകാരം ബയോമെഡിക്കൽ മാലിന്യം കൈകാര്യം ചെയ്യുന്ന non bedded ആയിട്ടുള്ള ക്ലിനിക്കുകൾ ഒറ്റത്തവണ ആതറൈസേഷൻ കരസ്ഥമാക്കേണ്ടതുണ്ട്. ഇവയിൽ മലിനീകരണ സാധ്യത കൂടുതലുള്ളതും കുറവുള്ളതുമായ സ്ഥാപനങ്ങൾ ഉൾപ്പെടുന്നതിനാൽ ഫീസ് ഈടാക്കുന്നതിന് സമാനത വരുത്തുന്നതിനായി സൂചന സർക്കുലർ പ്രകാരം പുതുക്കിയ ഫീസ് നിശ്ചയിച്ചിരുന്നു. എന്നാൽ OP facility മാത്രമുള്ള ഹോമിയോ, ആയുർവേദ ക്ലിനിക്കുകൾ/ഡിസ്പെൻസറികളിൽ ബയോമെഡിക്കൽ മാലിന്യം തീർത്തും ഉണ്ടാകുന്നില്ലായെന്നും ആയതിനാൽ ആതറൈസേഷൻ പരിധിയിൽ നിന്നും ഒഴിവാക്കണമെന്നും സൂചന 2 & 3 പ്രകാരം അഭ്യർത്ഥിച്ചിരുന്നു. ഈ സാഹചര്യത്തിൽ OP സംവിധാനം മാത്രം നടപ്പിലാക്കുന്ന ഹോമിയോ/യുനായി/ആയുർവേദ ക്ലിനിക്കുകൾ/ഡിസ്പെൻസറികൾക്കുള്ള ആതറൈസേഷൻ സംബന്ധിച്ച് നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. പ്രസ്തുത സ്ഥാപനങ്ങൾ, ആതറൈസേഷൻ അപേക്ഷയോടൊപ്പം തങ്ങളുടെ ക്ലിനിക്കുകളിൽ OP സംവിധാനം മാത്രം നടപ്പിലാക്കുന്നുവെന്നും ബയോമെഡിക്കൽ മാലിന്യം യാതൊന്നും ഉണ്ടാകുന്നില്ലായെന്നും സത്യവാങ്മൂലം സമർപ്പിക്കേണ്ടതാണ്.
2. ആതറൈസേഷന് അടക്കേണ്ട ഒറ്റത്തവണ ഫീസ് ₹ 500/- രൂപ ആയിരിക്കുന്നതാണ്.
3. മേൽപ്പറഞ്ഞ പ്രകാരം അപേക്ഷ ലഭ്യമാകുന്ന പക്ഷം IMAGE ന്റെ പക്കൽ നിന്നും സർട്ടിഫിക്കറ്റ് വേണമെന്നുള്ള നിബന്ധന ഒഴിവാക്കി ഒറ്റത്തവണ ആതറൈസേഷൻ നൽകാവുന്നതാണ്.
4. കാലാവധി കഴിഞ്ഞ മരുന്നുകൾ ആയതിന്റെ ഉത്പാദകർക്കുതന്നെ തിരിച്ചുനൽകുവാൻ സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.
5. IP സംവിധാനങ്ങൾ ഏർപ്പെടുത്തുകയോ, ബയോമെഡിക്കൽ മാലിന്യങ്ങൾ ഉത്പാദിക്കപ്പെടുകയോ കൈകാര്യം ചെയ്യുന്നതിനോ ഉള്ള സാഹചര്യങ്ങൾ ഉണ്ടാകുകയോ ചെയ്യുകയാണെങ്കിൽ ഈ സർക്കുലറിലെ ആനുകൂല്യങ്ങൾ ബാധകരമായിരിക്കില്ല.

ഒപ്പ്/–
**ചെയർമാൻ**

പകർപ്പ്:–
1. എല്ലാ മേഖലാ/ജില്ലാ ഓഫീസ് മേധാവികൾക്കും
2. ഹെഡ് ഓഫീസിലെ എല്ലാ ടെക്നിക്കൽ ഓഫീസർമാർക്കും
3. ഐറ്റി സെൽ (ബോർഡിന്റെ വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നതിനായി)
4. ചെയർമാന്റെ സിഎ/മെമ്പർ സെക്രട്ടറിയുടെ സിഎ
5. സ്റ്റോക്ക് ഫയൽ

**ഉത്തരവിൻ പ്രകാരം**

**സീനിയർ എൻവയോൺമെന്റൽ എഞ്ചിനീയർ - 3**